# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 953 — 11-07-2016 -ൽ മറുപടിക്ക്

### പ്രകൃതി ക്ഷോഭത്തിൽ വീടുകൾക്ക് നാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ എ നെല്ലിക്കുന്ന്** | | **ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രകൃതിക്ഷോഭത്തിൽ വീടുകൾക്കു നാശം സംഭവിക്കുന്നവർക്കു നഷ്ടപരിഹാരം നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ; വീട് ഭാഗികമായി തകർന്നാലും പൂർണ്ണമായി തകർന്നാലും നൽകുന്ന നഷ്ടപരിഹാരം എത്രയാണെന്ന് വ്യക്തമാക്കാമോ; | എ) | പ്രകൃതിക്ഷോഭത്തിൽ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആശ്വാസ ധനസഹായമാണ് നൽകിവരുന്നത്. സ.ഉ(കൈ) നം.194/2015/ഡി.എം.ഡി തീയതി 20.05.2015, സ.ഉ(കൈ)നം.343/2015/ ഡി.എം.ഡി തീയതി 23.07.2015 ഉം പ്രകാരം (കേന്ദ്രമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ) കാലവർഷത്തിൽ വീടുകൾക്ക് നാശം സംഭവിച്ചവർക്ക് ദുരന്ത പ്രതികരണ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നു. പൂർണ്ണമായും തകരുകയോ താമസയോഗ്യമല്ല എന്ന് ബന്ധപ്പെട്ട എൻജിനീയറിംഗ് അധികാരി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടുള്ള വീടുകൾക്ക് മലയോര മേഖലയിൽ 1,01,900 രൂപയും സമതല പ്രദേശങ്ങളിൽ 95,100 രൂപയും പരമാവധി ദുരിതാശ്വാസമായി നൽകുന്നു. 15 ശതമാനം വരെ ഭാഗികമായി തകർന്ന വീടുകൾക്ക് അവ പക്കാ വീടുകൾ ആണെങ്കിൽ 5200/- രൂപയും കച്ചാ വീടുകൾ ആണെങ്കിൽ 3200/- രൂപയും പരമാവധി നൽകുന്നു. തകർന്നു പോയ കുടിലുകൾക്ക് 4100/- രൂപയും നൽകുന്നു. 15% മുതൽ 100% വരെ തകർന്ന വീടുകൾക്ക് തകർച്ചയുടെ തോത് സാങ്കേതിക വിദഗ്ധർ നിർണ്ണയിച്ച് തോതിന് അനുസൃതമായി ചുരുങ്ങിയത് 5,200/- രൂപ മുതൽ പരമാവധി 1,01,900/- രൂപ (മലയോര മേഖലയിൽ) 95100 രൂപ (സമതലങ്ങളിൽ) വരെ നൽകി വരുന്നു. |
| ബി) | കാസർകോട് ജില്ലയിൽ പ്രകൃതി ക്ഷോഭത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് എത്ര തുക നഷ്ടപരിഹാരമായി നൽകാൻ ബാക്കിയുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | ബി) | മഞ്ചേശ്വരം മണ്ഡലം - Rs. 2,61,800/-<br>കാസറഗോഡ് മണ്ഡലം - Rs. 4,52,725/-<br>ഉദുമ മണ്ഡലം - RS. 4,18,545/-<br>കാഞ്ഞങ്ങാട് മണ്ഡലം - RS. 19,76,970/-<br>തൃക്കരിപ്പൂർ മണ്ഡലം - Rs. 14,21,625/-<br>**ആകെ - Rs. 45,31,665/-** |
| സി) | 2016 മേയ് 14 നുണ്ടായ ചുഴലിക്കാറ്റിൽ കാസർകോട് മണ്ഡലത്തിന്റെ പലഭാഗങ്ങളിലും സംഭവിച്ച വൻനാശനഷ്ടങ്ങൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | സി) | 2016 മെയ് 14-ന് ഉണ്ടായ ചുഴലിക്കാറ്റിൽ കാസറഗോഡ് മണ്ഡലത്തിന്റെ പലഭാഗങ്ങളിലും സംഭവിച്ച വൻനാശനഷ്ടങ്ങൾ 12 ആണ്. ആകെ ലഭിച്ച അപേക്ഷകൾ 127 എണ്ണം. അതിൽ തീരുമാനമായത് 68 |

| | | | |
|---|---|---|---|
| | നഷ്ടപരിഹാരത്തിന് എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്; ഈ അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടപരിഹാരം ലഭിക്കുന്നവരുടെ പേരുവിവരവും അനുവദിച്ച തുകയും വില്ലേജുകൾ തിരിച്ച് വ്യക്തമാക്കുമോ? | | എണ്ണം. ആയതിന്റെ പേരു വിവരങ്ങളും അനുവദിച്ച തുകയും വില്ലേജ് തിരിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. . |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**